പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3112 — 28.01.2014 ൽ മറുപടിക്ക്

## പാചകവാതക സിലിണ്ടറുകൾ ലഭിക്കുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഉപഭോക്താക്കൾക്ക് പാചകവാതക സിലണ്ടറുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) സാധാരണഗതിയിൽ സിലിണ്ടർ ബുക്ക് ചെയ്താൽ 48 മണിക്കൂറിനകം ലഭ്യമാക്കാൻ ഓയിൽക്കമ്പനികൾ പരമാവധി ശ്രമിക്കുന്നുണ്ട് എന്നും എന്നാൽ പല കാരണങ്ങളാലും ഇതിന് സാധിക്കാതെ വരുന്നുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. തൊഴിൽ തർക്കംമൂലം പാചകവാതക വിതരണം തടസ്സപ്പെടാതിരിക്കാൻ പാചകവാതക വിതരണ രംഗത്തെ എസ്മ യുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പാചകവാതകം കൃത്യമായ അളവിലും തൂക്കത്തിലുമാണ് ഉപഭോക്താവിന് ലഭിക്കുന്നത് എന്ന് ഉറപ്പാക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്? | (ബി) പാചകവാതക സിലണ്ടറുകളുടെ തൂക്കം പരിശോധിക്കുന്നതിനുള്ള സംവിധാനം ബോട്ടിലിംഗ് പ്ലാന്റുകളിലും വിതരണ ഏജൻസികളിലും നിലവിലുണ്ട്. അതുപോലെതന്നെ പാചകവാതകം ലഭ്യമാക്കുന്ന സമയത്ത് ഉപഭോക്താവിന് ഡെലിവറി ബോയ്സിന്റെ കൈയ്യിലുള്ള തൂക്കം കണക്കാക്കുന്നതിനുള്ള ഉപകരണം മുഖേന സിലിണ്ടറിന്റെ തൂക്കം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ